| വാക്കുകൾ/ പ്രയോഗം | നിർവചനം | ചിത്രം |
|---|---|---|
| **ബ്രെയിലി** | അന്ധരായവർക്കായി രൂപപ്പെടുത്തിയ ഒരു എഴുത്ത് ഭാഷ. പൊന്തിനിൽക്കുന്ന കുത്തുകളുടെ രൂപത്തിൽ അക്ഷരങ്ങൾ ചിതീകരിച്ചിരിക്കുന്നു. ഈ കുത്തുകൾ വിരൽത്തുമ്പുകളാൽ തൊട്ടറിയുവാൻ കഴിയും. | |
| **കുറിപ്പടി കണ്ണടകൾ** | ഒരു നേത്രാരോഗ്യ വിദഗ്ദ്ധൻ നടത്തുന്ന സമഗ്രമായ കണ്ണ് പരിശോധനയ്ക്ക് ശേഷം വ്യക്തിയ്ക്ക് നൽകുന്ന അനുയോജ്യമായ കണ്ണടകൾ. |  |
| **അപവർത്തന തകരാർ** | ശരിയായ കണ്ണടകൾ അല്ലെങ്കിൽ കോണ്ടാക്റ്റ് ലെൻസുകൾ ഉപയോഗിച്ചുകൊണ്ട് സാധാരണയായി പരിഹരിക്കാവുന്ന കാഴ്ചയുമായി ബന്ധപ്പെട്ട ഒരു പൊതുവായ പ്രശ്നം. അപവർത്തനത്തകരാറുകൾ വിവിധ തരത്തിലുണ്ട്: അസ്റ്റിഗ്മാറ്റിസം, ദീർഘദൃഷ്ടി, ഹ്രസ്വദൃഷ്ടി കൂടാതെ വെള്ളെഴുത്ത്. | |
| **അസ്റ്റിഗ്മാറ്റിസം** | അസ്റ്റിഗ്മാറ്റിസമുള്ള ആളുകൾക്ക് അകലെയുള്ള വസ്തുക്കളേയും അടുത്തുള്ള വസ്തുക്കളേയും വ്യക്തമായി കാണുവാൻ പ്രയാസമാണ്. |  |
| **ദീർഘദൃഷ്ടി** | ദീർഘദൃഷ്ടിയെന്നാൽ അകലെയുള്ള വസ്തുക്കളെ വ്യക്തമായി കാണുവാൻ കഴിയുന്ന അവസ്ഥയാണ്. എന്നാൽ അടുത്തുള്ള വസ്തുക്കളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അവർക്ക് പ്രയാസമാണ്. |  |

| | | |
|---|---|---|
| **ഹ്രസ്വദൃഷ്ടി** | ഹ്രസ്വദൃഷ്ടിയെ സമീപദർശിത്വം എന്നും വിളിക്കാം. ഹ്രസ്വദൃഷ്ടിയുള്ളവർക്ക് അടുത്തുള്ള വസ്തുക്കളെ വ്യക്തമായി കാണുവാൻ കഴിയും. എന്നാൽ അകലത്തിലുള്ള വസ്തുക്കൾ അവ്യക്തമാണ്. |  |
| **വെള്ളെഴുത്ത്** | പ്രായമേറുമ്പോൾ മിക്ക ആളുകൾക്കും വെള്ളെഴുത്ത് അനുഭവപ്പെടാറുണ്ട്. വെള്ളെഴുത്തുള്ള ആളുകൾക്ക് അടുത്തുള്ള കാര്യങ്ങൾ കാണുവാൻ ബുദ്ധിമുട്ടാണ്. ഉദാഹരണമായി, വായന, തുന്നൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുവാൻ കൂടുതൽ പ്രയാസം അനുഭവപ്പെടുന്നു. | |
| **കാഴ്ച** | കാണുവാനുള്ള കഴിവ്. | |
| **കാഴ്ച്ചാപ്രശ്നങ്ങൾ** | വിവിധ തരം കാഴ്ച്ചാ പ്രശ്നങ്ങളിൽ കണ്ണിന്റെ ആരോഗ്യം, സമീപക്കാഴ്ച അല്ലെങ്കിൽ ദൂരക്കാഴ്ച എന്നിവ ഉൾപ്പെടുന്നു. പ്രതിരോധം, ശരിയായ ചികിത്സ, കൂടാതെ/അല്ലെങ്കിൽ സഹായക ഉൽപന്നങ്ങൾ എന്നിവയാൽ മിക്ക കാഴ്ച്ചാ പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്. എന്നാൽ, ചില കാഴ്ച്ചാ പ്രശ്നങ്ങൾ പരിഹരിക്കാനാവാത്തവയാണ്, അതായത് കാഴ്ച പൂർണ്ണമായും പൂർവസ്ഥിതിയിലാക്കുവാൻ കഴിയുകയില്ല. | |